# 3

# “അവർ സാഷ്ടാംഗം വീണു”

കിഴക്കുനിന്നുള്ള വിദ്വാന്മാർ ശിശുവായ യേശുവിനെ അന്വേഷിച്ചിറങ്ങി. യെഹൂദന്മാരുടെ രാജാവായി തീരുവാനിരിക്കുന്ന ശിശുവിനെ നമസ്ക്കരിക്കുവാനായി അവർ ദീർഘദൂരം യാത്ര ചെയ്തു. “ആ വീട്ടിൽചെന്നു ശിശുവിനെ അമ്മയായ മറിയയോടുകൂടി കണ്ടു, വീണു അവനെ നമസ്ക്കരിച്ചു. നിക്ഷേപ പാത്രങ്ങളെ തുറന്നു അവന്നു പൊന്നും മൂരും കുന്തുരുക്കവും കാഴ്ച്ച വെച്ചു” (മത്തായി 2:11). പുതിയനിയമത്തിൽ പലപ്പോഴും “ആരാധന” എന്ന വാക്കിനു ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് *പ്രൊസ്കുനെയോ* ആണ് ഇവിടെ “നമസ്ക്കാരം” എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. “ഒരു വ്യക്തിയുടെ കാൽക്കൽ വീണു ചുംബിക്കുക, അയാളുടെ വസ്ത്രത്തിന്റെ അഗ്രം തറയിൽ മുട്ടി കിടക്കുന്നത് ചുംബിക്കുക, ... (സാഷ്ടാംഗം വീഴുക) നമസ്ക്കരിക്കുക, ഒരാളുടെ മുമ്പിൽ കുമ്പിടുക, ബഹുമാനത്തോടെ സ്വാഗതം ചെയ്യുക”[1] എന്നെല്ലാമാണ് അർത്ഥം.

ഒരാളുടെ മുമ്പിൽ ശരീരം മുഴുവനായി കുമ്പിടുന്നത് ബഹുമാനത്തെയും, താഴ്മയെയുമാണ് സൂചിപ്പിക്കുന്നത്. അത് ദൈവത്തോടാണെങ്കിൽ, *കുമ്പിടലിൽ* ആഴമേറിയ ആത്മിയ മനോഭാവം പ്രകടിപ്പിക്കുന്ന അർത്ഥമാണുള്ളത്. ശരിയായ ആരാധനാ വസ്തുവും സ്ഥലവും സംബന്ധിച്ച് യേശു കിണറ്റിനരികിൽനിന്ന സ്ത്രിയോടുള്ള സംഭാഷണത്തിൽ യേശു യോഹന്നാൻ 4:20–24-ൽ പറയുകയുണ്ടായി.

ആരാധനക്ക് പുതിയനിയമത്തിൽ വളരെ വിരളമായി മാത്രം ഉപയോഗിച്ച വാക്കാണ് *ലാട്രെയാ*, പലപ്പോഴും അത് തർജിമ ചെയ്തിരിക്കുന്നത്, മതപരമായ “കാര്യങ്ങൾ ചെയ്യുന്നതിനും,” ദൈവത്തെ ആരാധിക്കുക എന്ന അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. പഴയനിയമത്തിൽ ഇതിനു തത്തുല്യമായ വാക്ക് ഉപയോഗിച്ചിരിക്കുന്നത്, സമാഗമനകൂടാരത്തിൽ അഥവാ ദൈവാലയത്തിൽ നടത്തുന്ന ശുശ്രൂഷക്കാണ്. ജഡികമായി പരിഛേദന നടത്തുന്നതിനു വിരുദ്ധമായാണ് ഫിലിപ്പിയർ 3:3-ൽ അത് ക്രിസ്തീയ സേവനത്തെ പരാമർശിച്ച് ഉപയോഗിച്ചിരിക്കുന്നത്. പഴയനിയമകാലത്ത് വിശുദ്ധസ്ഥലത്തെ ചടങ്ങുകൾ നിർവ്വഹിക്കുന്നതുമായുള്ള ബന്ധത്തിൽ ഉപയോഗിക്കുന്നതായിട്ടാണ് എബ്രായർ 10:2-ൽ ആ വാക്ക് പറഞ്ഞിരിക്കുന്നത്. തന്നെ വീണു നമസ്ക്കരിക്കുവാൻ സാത്താൻ യേശുവിനോട് പറഞ്ഞപ്പോൾ, യേശു ഈ രണ്ടു വാക്കുകളും ഒരു പ്രസ്താവനയിൽ ഉപയോഗിക്കയുണ്ടായി (മത്തായി 4:9, 10). സാത്താൻ ഉപയോഗിച്ച വാക്ക് *പ്രോസ്കുനെയോ* എന്നതായിരുന്നു (വാക്യം. 9). യേശു പ്രതികരിച്ചു, “നിന്റെ ദൈവമായ കർത്താവിനെ [*നമസ്ക്കരിച്ചു*] അവനെ മാത്രമെ നീ [*ആരാധിക്കാവു*]” (വാക്യം. 10). ആ രീതിയിലുള്ള നമസ്ക്കാരം ദൈവത്തോട് *മാത്ര*മുള്ളതാണെന്നാണ് യേശു സാത്താനോട് പറഞ്ഞത്.

ദേഹ ഭാവത്തെ ആരാധനയുമായുള്ള ബന്ധത്തിൽ പറയുമ്പോൾ, നാം സാധാരണ ഉപയോഗിക്കുന്നത് “കുമ്പിടുക,” “സാഷ്ടാംഗം വീഴുക” എന്നാണ്. ചില രീതിയിൽ ദൈവമുമ്പാകെ വീഴുന്നതായി അമ്പതിലധികം പ്രാവശ്യം തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നു. പലപ്പോഴും ദൈവത്തെ നമസ്ക്ക

കരിക്കുന്നവർ തങ്ങളുടെ മുഖം നിലം വരെ കുനിക്കും. മുഖം തറയിൽ തട്ടിയാൽ പോലും, അത്തരത്തിൽ താഴുന്നത് താഴ്മയാണ് സൂചിപ്പിക്കുന്നത്.

## ഹൃദയത്തിന്റെ കുമ്പിടലും ആവശ്യമാണ്

മിസ്രയിം അടിമത്വത്തിൽ കഷ്ടതയനുഭവിച്ച യിസ്രായേൽ മക്കളുടെ നിലവിളി ദൈവം കേട്ടു അവരെ അതിൽനിന്നു വിടുവിപ്പാൻ പോകുന്നു എന്ന് മോശെയും അഹരോനും പ്രഖ്യാപിച്ചപ്പോൾ, “അവർ കുമ്പിട്ടു നമസ്ക്കരിച്ചു” (പുറപ്പാട് 4:31). മോശെ പെസഹയെ കുറിച്ചു വിശദമാക്കിയപ്പോൾ, “ജനം കുമ്പിട്ടു നമസ്ക്കരിച്ചു” (പുറപ്പാട് 12:27).

എഴുതിക്കൊടുത്ത കൽപനകളുള്ള കൽപ്പലകകൾ ആദ്യം ഉടെച്ചുകളഞ്ഞശഷം മോശെ വീണ്ടും ദൈവത്തെ കാണുവാൻ പർവ്വതത്തിലേക്ക് പോയി,. യഹോവ മേഘത്തിൽ ഇറങ്ങിവന്നു മോശെക്ക് പ്രത്യക്ഷനായി, അവന്റെ സാന്നിധ്യം അറിയിച്ചു, “യഹോവ, യഹോവയായ ദൈവം കരുണയും കൃപയുമുള്ളവൻ, ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ; ...” എന്നു ഘോഷിച്ചപ്പോൾ, മോശെ ബദ്ധപ്പെട്ടു “സാഷ്ടാംഗം വീണു നമസ്ക്കരിച്ചു” (പുറപ്പാട് 34:5-8).

2 ദിനവൃത്താന്തം 29-ൽ നാം വായിക്കുന്നത് വർഷങ്ങൾക്കു ശേഷം യെഹിസ്ക്കിയാ രാജാവ് ദൈവാലയത്തിന്റെ അറ്റകുറ്റപ്പണി തീർത്ത് ജനങ്ങൾക്ക് നമസ്ക്കരിക്കുവാൻ അതിന്റെ വാതിലുകൾ തുറന്നു കൊടുത്തു എന്നാണ്. ആദ്യ ഹോമയാഗം അർപ്പിച്ചു തീർന്നപ്പോൾ, “രാജാവും കൂടെ ഉണ്ടായിരുന്ന എല്ലാവരും വണങ്ങി നമസ്ക്കരിച്ചു. പിന്നെ യെഹിസ്ക്കിയാ രാജാവും പ്രഭുക്കന്മാരും ലേവ്യരോട് ദാവീദിന്റേയും ആസാഫ് ദർശകന്റേയും വചനപ്രകാരം യഹോവക്ക് സ്തോത്രം ചെയ്‌വാൻ കൽപിച്ചു” (29:29, 30).

മറ്റൊരു സന്ദർഭത്തിൽ, 2 ദിനവൃത്താന്തം 20-ൽ, അമ്മോന്യരും, മോവാബ്യരും, മെയൂന്യരിൽ ചിലരും ചേർന്ന് തന്നോട് യുദ്ധത്തിനായി വരുന്നു എന്ന വാർത്ത യെഹോശാഫാത്ത് രാജാവ് കേട്ടു എന്നു രേഖപ്പെടുത്തിയിരിക്കുന്നു (വാക്യങ്ങൾ. 1, 2). അവൻ ദൈവത്തിലേക്ക് തിരിഞ്ഞ് യെഹൂദ്യയിലൊക്കെയും ഒരു ഉപവാസം പ്രഖ്യാപിച്ചു (വാക്യം. 3). ദൈവസഹായം തേടി യെഹൂദാജനം യെരുശലേമിൽ ഒത്തു കൂടി; യെഹോശാഫാത്ത് ജനമദ്ധ്യേ നിന്നു പ്രാർത്ഥിച്ചു. അവൻ പ്രാർത്ഥിച്ചു തീർന്നപ്പോൾ, യഹോവയുടെ ആത്മാവ് യഹസീയേലിൻമേൽ വന്നു അരുളിച്ചെയ്തു, “ഈ വലിയ സമൂഹം നിമിത്തം ഭയപ്പെടരുത്, ഭ്രമിക്കയുമരുത്. യുദ്ധം നിങ്ങളുടേതല്ല ദൈവത്തിന്റേതത്രെ” (വാക്യം. 15). പ്രവാചകൻ ജനത്തോട് യെരൂവേൽ മരുഭൂമിയിലെ തോട്ടിനരികിലേക്ക് പോകുവിൻ, യഹോവ നിങ്ങൾക്ക് വരുത്തുന്ന രക്ഷ കണ്ടുകൊൾവിൻ എന്നു പറഞ്ഞു (വാക്യങ്ങൾ. 16, 17). അവൻ തീർച്ചയാക്കി, “അവരെ ഭയപ്പെടരുത്, ഭ്രമിക്കയുമരുത്; നാളെ അവരുടെ നേരെ ചെല്ലുവിൻ, യഹോവ നിങ്ങളോട്കൂടെ ഉണ്ട്” (വാക്യം. 17). പിന്നെ, “യഹോശാഫാത്ത് സാഷ്ടാംഗം വണങ്ങി, യെഹൂദ്യർ ഒക്കെയും, യെരുശലേം നിവാസികളും യഹോവയുടെ മുമ്പാകെ വീണു നമസ്ക്കരിച്ചു” (വാക്യം. 18). പിന്നെ ലേവ്യർ യിസ്രായേലിന്റെ ദൈവമായ യഹോവയെ അത്യുച്ചത്തിൽ സ്തുതിപ്പാൻ എഴുന്നേറ്റു (വാക്യം. 19).

യിസ്രായേൽ ജനങ്ങൾക്ക് എല്ലാം ശുഭമായി പൊയ്ക്കൊണ്ടിരിക്കുന്നു എന്നു തോന്നിയപ്പോൾ, പ്രവാചകനായിരുന്ന എസ്രായുടെ അടുത്ത് വിഷമി

പ്പിക്കുന്ന ഒരു വാർത്ത എത്തി: വിശുദ്ധ സന്തതികളായ പുരോഹിതന്മാരും, ജനത്തിന്റെ മുപ്പന്മാരുമടക്കം അന്യജാതികളായ ദേശനിവാസികളുമായി ഇട കലർന്നു വിവാഹം ചെയ്തിരിക്കുന്നു (എസ്രാ 9:2). എസ്രാ നടുങ്ങിപ്പോയി! വൈകുന്നേരത്തെ യാഗസമയം വരെ അവൻ നിശബ്ദനായിരുന്നു; പിന്നെ അവൻ കുമ്പിട്ടു കൈകൾ ദൈവത്തിലേക്ക് ഉയർത്തി പ്രാർത്ഥിച്ചു. പിന്നീട് എസ്രാ ജനത്തെ കൂട്ടി വരുത്തി ന്യായപ്രമാണം അവരെ വായിച്ചുകേൾപ്പിച്ചു. അവൻ ന്യായപ്രമാണപുസ്തകം തുറന്നപ്പോൾ, ജനം എല്ലാം എഴുന്നേറ്റു നിന്നു. എസ്രാ ദൈവത്തെ സ്തുതിച്ചപ്പോൾ, ജനം എല്ലാം കൈകളുയർത്തി " 'ആമേൻ, ആമേൻ' എന്നു പറഞ്ഞു. പിന്നെ അവരെല്ലാം സാഷ്ടാംഗം വീണു യഹോവയെ നമസ്ക്കരിച്ചു" (നെഹമ്യാവ് 8:5, 6).

വീണു നമസ്ക്കരിക്കുന്ന മറ്റൊരു ഉദാഹരണം നാം ഇയ്യോബിന്റെ പുസ്തകത്തിൽ വായിക്കുന്നു. അപകടപരമ്പരകളാൽ തനിക്കുള്ളതെല്ലാം നഷ്ടമായി എന്ന് ഇയ്യോബ് കേട്ടപ്പോൾ, "ഇയ്യോബ് എഴുന്നേറ്റ് വസ്ത്രം കീറി, തല ചിരെച്ചു സാഷ്ടാംഗം വീണു നമസ്ക്കരിച്ചു" (1:20). സാത്താൻ പ്രതീക്ഷിച്ചത് അതായിരുന്നില്ല. അത് രസാവഹമാണ്, അതുകൊണ്ടായിരിക്കാം, സാത്താൻ യേശുവിനോട്, എന്നെ വീണു നമസ്ക്കരിച്ചാൽ സർവ്വലോകവും അതിന്റെ മഹത്വവും നിനക്കു നൽകാം എന്നാണ് പറഞ്ഞതു (മത്തായി 4:9).

സ്വർഗത്തിലുള്ളവർ ഇങ്ങനെയാണ് ആരാധിക്കുന്നത് എന്നു കേൾക്കുമ്പോൾ നാം അതിനാൽ അതിശയിക്കയില്ല. സിംഹാസനത്തിൽ-ഇരിക്കുന്നവനെ ഇരുപത്തി-നാല് മൂപ്പന്മാരും അവരുടെ കിരീടങ്ങൾ താഴെയിട്ടുകൊണ്ട് എന്നേക്കും നമസ്ക്കരിച്ചുകൊണ്ടിരിക്കുന്നു (വെളിപ്പാട് 4:10). ഇരുപത്തി-നാല് മൂപ്പന്മാരും, ദൂതന്മാരും, നാല് ജീവികളും "സിംഹാസനത്തിനു മുമ്പിൽ വീണു നമസ്ക്കരിച്ചു" എന്ന് വെളിപ്പാട് 7:11-ൽ നാം വായിക്കുന്നു.നാല് അദ്ധ്യായങ്ങൾക്ക് ശേഷം, "ഇരുപത്തി-നാല് മൂപ്പന്മാരും അവരുടെ കിരീടങ്ങൾ താഴെ ഇട്ട് വീണ് നമസ്ക്കരിച്ചു" എന്ന് നാം വായിക്കുന്നു (വെളിപ്പാട് 11:16).

## ഹൃദയത്തിന്റെ സാഷ്ടാംഗം കുമ്പിടൽ ആരാധനയുടെ പര്യായമാണ്

ആരാധന എന്നത് വെറും കുമ്പിടൽ മാത്രമല്ല; ആരാധന സാഷ്ടാംഗം നമസ്ക്കരിക്കലാണ്. അതിനർത്ഥം ആരാധന എപ്പോഴും ഭയഭക്തി പൂണ്ടതും പ്രസന്നതയില്ലാത്തതുമായിരിക്കും എന്നാണോ? അല്ല! ബൈബിൾ ആരാധനയെ ചിലപ്പോൾ ഒരു ആഘോഷത്തിമിർപ്പായി ആളുകൾ കാണും. കുമ്പിടുന്ന സന്ദർഭവുമായി ദൈവസന്നിധിയിൽ നന്ദി പ്രകടിപ്പിക്കുന്ന സന്തോഷമായിട്ടാണ് സങ്കീർത്തനങ്ങൾ 95:1-6-ൽ പറയുന്നത്.

പ്രവാസം കഴിഞ്ഞ് യെരുശലേമിൽ മടങ്ങിവന്ന യെഹൂദന്മാർ ന്യായപ്രമാണ പുസ്തകം വായിച്ചുകേട്ടപ്പോൾ അവർ കരഞ്ഞു. എസ്രയും, നെഹമ്യാവും, ലേവ്യരും അവരോട് പറഞ്ഞു, "ഈ ദിവസം നിങ്ങളുടെ ദൈവമായ യഹോവക്ക് വിശുദ്ധമാകുന്നു; നിങ്ങൾ ദുഃഖിക്കരുത്, കരകയും അരുത് എന്നു പറഞ്ഞു ... നിങ്ങൾ ചെന്ന് ഉല്ലാസഭോജനവും മധുരപാനിയവും കഴിച്ച് തങ്ങൾക്കായി വട്ടം കൂട്ടിയിട്ടില്ലാത്തവർക്ക് പകർച്ച കൊടുപ്പിൻ; ... നിങ്ങൾ ദുഃഖിക്കരുത്, യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നു" (നെഹെമ്യാവ് 8:9, 10). അത് ആഘോഷിക്കുവാനുള്ള സമയം ആയിരുന്നു. ഏഴു ദിവസത്തെ ഉൽസവത്തിനുശേഷം, കുമ്പിടുവാനുള്ള സമയം പിന്നീട്

വന്നു. എട്ടാമത്തെ ദിവസം വിശുദ്ധ സഭായോഗമായിരുന്നു (നെഹെമ്യാവ് 8:18), അന്ന്, അവർ രട്ടുടുത്ത്, യിസ്രായേൽ തങ്ങളുടെ പാപങ്ങളും അകൃത്യങ്ങളും നിമിത്തം തലയിൽ പൂഴി വാരിയിട്ട് ഉപവസിച്ചു (നെഹെമ്യാവ് 9:1).

നിയമപെട്ടകം യെരുശലേമിലേക്ക് പുരോഹിതന്മാർ ചുമന്നുകൊണ്ടുവന്ന സംഭവം നാം 2 ശമുവേൽ 6–ൽ വായിക്കുന്നു. നിയമപെട്ടകത്തിനു വേണ്ടി ദാവീദ് ഒരു സമാഗമനകൂടാരവുമുണ്ടാക്കിയിരുന്നു. പ്രദക്ഷിണം ദാവീദിന്റെ ഭവനം കടന്ന് സമാഗമനകൂടാരം ലക്ഷ്യമാക്കി പോയപ്പോൾ ദാവീദ് "പഞ്ഞിനൂലങ്കി ധരിച്ചുകൊണ്ട് പൂർണ്ണശക്തിയോടെ യഹോവയുടെ സന്നിധിയിൽ നൃത്തം ചെയ്തു" (വാക്യം. 14). ദാവീദിന്റെ ഭാര്യ, മീഖൾ, അവൻ നൃത്തം ചെയ്യുന്നതുകണ്ട്, തന്റെ ഹൃദയത്തിൽ അവനെ നിന്ദിച്ചു, നൃത്തം നിമിത്തമായിരുന്നില്ല അവൾ അവനെ നിന്ദിച്ചത്, പിന്നെയോ അവൻ ധരിച്ച വസ്ത്രം കാരണമായിരുന്നു. അത് രാജാവിനു പറ്റിയ വസ്ത്രമായിരുന്നില്ല എന്നാണ് അവൾ വിചാരിച്ചത്. തന്റെ ഭൃത്യന്മാരുടെ മുമ്പിൽ അത് ഒരു സാധാരണക്കാരന്റെ വസ്ത്രമായിരുന്നതുകൊണ്ടായിരുന്നു അവൾ കുറ്റപ്പെടുത്തിയത്. ഒരു വ്യാഖ്യാതാവ് പറഞ്ഞു, "അവന്റെ നൃത്തമായിരുന്നില്ല മീഖളിന്റെ കാഴ്ചയിൽ ഇടർച്ചയായത്, പിന്നെയോ രാജവസ്ത്രത്തെ മാറ്റിയതായിരുന്നു, തന്റെ പ്രജകളുടെ മുൻപിൽ അവൻ താഴേക്കിടയിലേക്കിറങ്ങുന്ന പ്രതീതി ആണ് അവന്റെ വസ്ത്രധാരണം ഉളവാക്കിയത്."[2] തീർച്ചയായും, മീഖൾ വിചാരിച്ചത് പഞ്ഞിനൂലങ്കി ആരംഭത്തിൽ പുരോഹിതന്മാരായിരുന്നു ധരിച്ചിരുന്നത് എന്നാണ് (പുറപ്പാട് 39:2–7), അത് ദാവീദിന്റെ രാജപ്രൗഢിക്ക് താഴെയുള്ളതാണ്. അവളുടെ ചിന്തയിൽ രാജാവ് തന്റെ രാജവസ്ത്രവും കിരീടവും ധരിച്ച് പ്രൗഢിയോടെ മുന്നിൽ നയിച്ചുകൊണ്ടുപോകണമെന്നായിരിക്കാം അവൾ വിചാരിച്ചത്. ആദ്യരാജാവായിരുന്ന അവളുടെ അപ്പനായ – ശൗലിന്റെ മതപരമല്ലാത്ത മനോഭാവത്തെ അവൾ മനസിലാക്കിയിരുന്നു. എങ്ങനെയായാലും, ദാവീദ് പ്രദക്ഷിണത്തിലും അവൻ സാഷ്ടാംഗം വീണിരുന്നു. അവൻ മനപ്പൂർവ്വമായും നിയമപെട്ടകം ചുമക്കുന്ന പുരോഹിതന്മാരുടെ താഴ്മയുള്ള വസ്ത്രധാരണം നടത്തുകയായിരുന്നു. വർഷങ്ങൾക്ക് ശേഷം നിയമപെട്ടകത്തോടൊപ്പം ദൈവസാന്നിധ്യം യിസ്രായേലിന് അനുഭവപ്പെടുന്നത്. സർവ്വശക്തനായ ദൈവസാന്നിധ്യത്തിൽ മനുഷ്യരുടെ വിലയില്ലായ്മ ദാവീദ് മനസിലാക്കി. കുമ്പിടൽ കൂടാതെയുള്ള ആഘോഷം, ആരാധനയില്ലാത്ത ആഘോഷം പോലെയാണെന്ന് ദാവീദ് കാണിച്ചു!

## കുമ്പിടൽ ഒരു രൂപമല്ല
## മനോഭാവമാണ്

അപ്പോൾ, ദൈവസന്നിധിയിൽ കൂടിവരുമ്പോൾ, നാം കുമ്പിടണോ? കെൻനെല്ലർ പ്രധാനപ്പെട്ട ഒരു ചോദ്യം ചോദിക്കയുണ്ടായി: "നിങ്ങളെ പെട്ടെന്ന് ദൈവസന്നിധിയിലേക്ക് എടുത്തുകൊണ്ടാക്കിയാൽ നിങ്ങൾ എന്തു ചെയ്യും?"[3] ഞാൻ എന്തു ചെയ്യുമെന്ന് എനിക്ക് അറിയില്ല. ഞാൻ ബോധം കെട്ടുപോയേക്കാം, എന്നാൽ വെളിപ്പാട് 1:17–ൽ യോഹന്നാൻ ചെയ്തത് ഞാനും ചെയ്തേക്കാം.

കർത്തൃദിവസത്തിൽ യോഹന്നാൻ "ആത്മവിവശതയിലായിരുന്നു" (വെളിപ്പാട് 1:10). പരിശുദ്ധാത്മ നിയന്ത്രണത്തിൽ പ്രാർത്ഥിക്കുകയോ, സംസാരിക്കുകയോ ചെയ്യുന്ന ആത്മിയ ഹർഷോന്മാദമാണെന്ന്[4] ആളുകൾ വിചാ

രിക്കും. (യെഹസ്ക്കേൽ 3:12–14; പ്രവൃത്തികൾ 22:17.) നീ കണ്ടത് ഒരു പുസ്തകത്തിൽ എഴുതുക എന്ന് പറയുന്ന ഒരു ശബ്ദം, യോഹന്നാൻ പിന്നിൽ കേട്ടു. അത് ആരാണെന്ന് അറിയുവാനായി യോഹന്നാൻ പുറകോട്ട് നോക്കിയപ്പോൾ, മനുഷ്യപുത്രനോട് സദൃശനായ ഒരാളെ കണ്ടു. അപ്പൊസ്തലൻ അവന്റെ കാൽക്കൽ വീണു മരിച്ചവനെ പോലെ കിടന്നു. സ്വർഗത്തിന്റേയും ഭൂമിയുടേയും നാഥനായ ദൈവത്തെ സമീപിക്കുമ്പോൾ കുമ്പിടൽ സ്വാഭാവികമായുണ്ടാകും.

ഒരിക്കൽ ഞാൻ വിമാനത്തിൽ കയറുവാനായി ഉക്രെയിനിലെ കീവ് എന്ന വിമാനത്താവളത്തിലിരിക്കുമ്പോൾ, പൂർവ്വദേശക്കാരുടെ വേഷം ധരിച്ച കുറെ ആളുകൾ ഒരു മുറിയുടെ മൂലയിലേക്ക് പോയി, അവിടെ പ്രത്യേക ഉദ്ദേശത്തിനായി പരവതാനി വിരിച്ചിരുന്നു, അവർ അതിൽ പോയി കുമ്പിടുവാൻ തുടങ്ങി. അവർ മുസ്ലീമുകളായിരുന്നു, അവരുടെ പ്രാർത്ഥനാ സമയങ്ങളിൽ ഒന്നായിരുന്നു അത്. കുമ്പിടൽ എന്താണെന്ന് ഒരുപക്ഷെ അവരിൽനിന്നു നമുക്ക് ചിലത് പഠിക്കുവാൻ കഴിഞ്ഞേക്കാം. കുമ്പിടലിന് മറ്റുള്ളവരുടെ സാന്നിധ്യത്തിൽ ഒരു ലജ്ജയുമില്ല, അല്ലെങ്കിൽ അസൗകര്യമോ, താഴ്മക്ക് മാറ്റമോ വരുത്തുന്നില്ല.

എങ്ങനെയായാലും, ഞാൻ ജാക്ക് ഹേഫോർഡ് പറഞ്ഞതിനോട് യോജിക്കുന്നു:

> വാസ്തവത്തിൽ, അത് കഴിയുന്നതും രഹസ്യ ധ്യാനത്തിലാണ് നടക്കുന്നത്; വിശ്വാസികൾ സഭായോഗം കൂടുമ്പോൾ, തല തറയിൽ തൊട്ടു കുമ്പിടുന്നത് പ്രായോഗികമോ, ആവശ്യപ്പെട്ടതോ, പൊതുവിൽ ശുപാർശ ചെയ്യപ്പെട്ടതോ അല്ല. എന്നാൽ *എപ്പോഴും* ആവശ്യപ്പെടുന്ന ഒരു കുമ്പിടലാണ്, നിഗളത്തെയും മാനുഷിക താൽപര്യത്തെയും, സ്വന്ത കഴിവിനെയും, നിരപ്പാക്കി, പൂർണ്ണ-ഹൃദയത്തോടും, താഴ്മയോടും ആരാധനയിൽ ആത്മിയവും ശാരീരികവുമായ പ്രകടനം നടത്തണം.[5]

ശാരീരിക ഭാവം – കുമ്പിടലോ, കൈ ഉയർത്തലോ, ഇരിക്കുന്നതോ, നിൽക്കുന്നതോ – എന്തായാലും, ഹൃദയം എപ്പോഴും കുമ്പിടേണ്ടതാകുന്നു.

സഭായോഗത്തിൽ പ്രാർത്ഥന നയിച്ചിരുന്നവർ മുട്ടിൻമേൽ നിന്നിരുന്നത് എനിക്കു ഓർക്കുവാൻ കഴിയുന്നുണ്ട്. ഒരു സഹോദരൻ, നാണിക്കാതെ അവസാനം പള്ളിയുടെ ഇടനാഴിയിൽ ഒറ്റ മുട്ടിന്മേൽ കുമ്പിട്ടു നിന്നു. വേറൊരാൾ പ്രസംഗ പീഠത്തിനരികിൽ ഇടവകയുടെ പ്രാർത്ഥന തീരുവോളം മുട്ടിന്മേൽ കിടന്നു.

ആൽഫ്രഡ് പി. ജിബ്സ് ആവർത്തനപുസ്തകം 26:5–9 (കെ. ജെ. വി), ലെ ആരാധകന്റെ താഴ്മയെ കുറിച്ച് ഇങ്ങനെ പറഞ്ഞു:

> വർഗം, സ്ഥലം, മുഖം, കരുണ എന്നിവയെ കുറിച്ചുള്ള നിഗളത്തിന് ഒരു സ്ഥാനവുമില്ല. "നശിക്കുവാൻ തയ്യാറായ ഒരു സുറിയാനിയായിരുന്നു എന്റെ അപ്പൻ" അദ്ദേഹം സ്വയമായി ഒന്നിനും "ഏൽപിച്ചു" കൊടുത്തില്ല, ഒരു ഉന്നത ഭാവവുമില്ലായിരുന്നു. ദൈവസന്നിധിയിൽ വരുമ്പോൾ രക്ഷാധികാരിയുമായില്ല. സ്വയം മഹത്വീകരിക്കുകയോ, യാതൊന്നിനേയും നിന്ദിക്കുകയോ ചെയ്തിരുന്നില്ല. യേശുക്രിസ്തു പറഞ്ഞതുപോലെ,

“ജഡം ഒന്നിനും പ്രയോജനമുള്ളതല്ല” (യോഹന്നാൻ 6:63).[6]

ധാർഷ്ട്യത്തോടെയുള്ള ആരാധന യേശു വെറുത്തിരുന്നു എന്ന് ലൂക്കൊസ് 18:10-15-ൽ അവൻ പറഞ്ഞ സംഭവം വ്യക്തമാക്കുന്നു. ആ സംഭവത്തിൽ, ഒരു പരീശൻ, ആരാധനക്കു വന്ന മറ്റെ വ്യക്തിയെ പോലെ അല്ലാത്തതിനാൽ ദൈവത്തെ സ്തുതിക്കുന്നു. പരീശൻ ദൈവസന്നിധിയിൽ സംഭ്രമിക്കുന്നതിനുപകരം, സ്വയം സംഭ്രമിപ്പിക്കുകയായിരുന്നു. അവൻ തന്റെ “നീതിയെ” കെട്ടിച്ചമച്ചു വെച്ചു, എന്നാൽ മറ്റെ ആരാധകൻ, ചുങ്കക്കാരനായിരുന്നു, തന്റെ കണ്ണുകൾ ദൈവത്തിലേക്ക് ഉയർത്തുവാൻ പോലും ധൈര്യപ്പെട്ടില്ല. മറിച്ച്, അവൻ മാറത്തടിച്ച് പാപിയായ എന്നോട് കരുണയുണ്ടാകേണമേ എന്നു നിലവിളിക്കുകയായിരുന്നു. അഹംഭാവമുണ്ടായിരുന്ന പരീശനേക്കാൾ, താഴ്മയുള്ള ചുങ്കക്കാരൻ ദൈവത്തെ പ്രസാദിപ്പിച്ചു. താഴ്മയുള്ള ആരാധകനെ ദൈവം കടാക്ഷിക്കും (യാക്കൊബ് 4:10).

**ഉപസംഹാരം**

തന്നെ ദൈവവുമായി താരതമ്യം ചെയ്യാതെ, തന്റെ പ്രകടനങ്ങൾ ആരാധനക്കുവന്ന മറ്റൊരു വ്യക്തിയുടെ പ്രകടനവുമായി താരതമ്യം ചെയ്യുകയായിരുന്നു യേശു പറഞ്ഞ സംഭവത്തിലെ പരീശൻ. നമ്മെ നാം ദൈവവുമായി താരതമ്യം ചെയ്യുമ്പോൾ, തനിയെ നാം മുട്ടിന്മേൽ നിന്നുപോകും. വാസ്തവത്തിലുള്ള ആരാധന നമ്മുടെ ഡംഭവും നിഗളവും ഇല്ലാതാക്കുന്നതാണ്. സ്വയം ഉയർത്തുന്ന ആരാധന, അയാളുടെ വ്യക്തിപരമായ ആവശ്യങ്ങൾ നിറവേറ്റി എന്നു വ്യക്തമാക്കുന്നു, അല്ലെങ്കിൽ വ്യക്തിതാൽപര്യം ആരാധനയേ അല്ല എന്നു വ്യക്തമാക്കുന്നു.

സ്വയ - കേന്ദ്രീകൃതം ആയിരുന്നു പൗലൊസ് കൊരിന്തിലുള്ള ക്രിസ്ത്യാനികളിൽ കണ്ട പ്രശ്നം. വലിയ നായകന്മാരോടുള്ള ഇഷ്ടമാണ് അവരെ ഭിന്നിപ്പിലേക്ക് നയിക്കുവാൻ തുടങ്ങിയത് (1 കൊരിന്ത്യർ 1:12, 13). വ്യക്തിപരമായ അവരുടെ അവകാശങ്ങൾ അവരെ ദുർന്നടപ്പിലേക്കും, സഹോദരനെ കോടതി കയറ്റുന്നതിലേക്കും, വിഗ്രഹങ്ങൾക്കു മുമ്പിൽ വെച്ച മാംസം തിന്നുന്നതിലേക്കും നയിച്ചു, അതേസമയം അവർ മറ്റുള്ളവരുടെ മനസാക്ഷിയെ കുറിച്ചു ചിന്തിച്ചതേയില്ല (1 കൊരിന്ത്യർ 5; 6; 8). ആരാധനയിൽ, അവർ സ്വയം-കേന്ദ്രീകരിക്കുകയും ദൈവം-നൽകിയ ആത്മിയവരങ്ങൾ ഓരോരുത്തരോടും മൽസരിക്കുവാനായി ഉപയോഗിച്ചു (1 കൊരിന്ത്യർ 12-14). കർത്തൃമേശയിൽ അവർ കർത്താവിന്റെ യാഗത്തെ ഓർമ്മിക്കുന്നതിനുപകരം, അവരുടെ വിശപ്പിനും ദാഹത്തിനും ഊന്നൽ കൊടുക്കുവാൻ തുടങ്ങി (1 കൊരിന്ത്യർ 11:17-34). ആരാധനയെ സംബന്ധിച്ച് ദൈവത്തിന്റെ വീക്ഷണത്തെ നൽകുന്നതായിരുന്നു പൗലൊസിന്റെ ശാസന: “ഇനി ആജ്ഞാപിക്കുവാൻ പോകുന്നതിൽ ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല. നിങ്ങൾ കൂടിവരുന്നതിനാൽ നന്മെക്കല്ല, തിന്മക്കത്രെ ഇടയാകുന്നത്” (1 കൊരിന്ത്യർ 11:17).

ദൂതന്മാർ പോലും ദൈവമുൻപാകെ മുഖം മറെക്കും (യെശയ്യാവ് 6:2). സ്വർഗീയ സൈന്യം അവന്റെ മുൻപിൽ കുമ്പിടും (വെളിപ്പാട് 4:10; 7:11). അപ്പോൾ മർത്യരായ നമുക്ക് എങ്ങനെ ദൈവമുൻപാകെ മറ്റൊരു മനോഭാവത്തിൽ ചെല്ലുവാൻ കഴിയും? ആഘോഷിക്കുക, പക്ഷെ അത് താഴ്മയോടുകൂടി, ഹൃദയം കുമ്പിടുന്നതായിരിക്കണം! യേശുവിലുള്ള വിജയം ആഘോ

ഷിക്കുക; പക്ഷെ ആ വിജയത്തിനു കൊടുക്കേണ്ടിവന്ന വില തിരിച്ചറിയുകയും വിലകൊടുത്തവന്റെ മുൻപിൽ താഴ്മയോടെ വീഴുകയും ചെയ്യുക (ഫിലിപ്പിയർ 2:10, 11 നോക്കുക.)

---

കുറിപ്പുകൾ

[1]വാൾട്ടർ ബാവെർ, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* ട്രാൻസ്. വില്യം എഫ്. ആംമ്റ്റ് ആന്റ് എഫ്. വിൽബർ ജിംജ്റിച്ച്, 2 ന്റ് എഡി., റെവ. ആന്റ് ആഗ്. എഫ്. വിൽബർ ജിംജ്റിച്ച് ആന്റ് ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 1958), 716. [2]ആർ. പെയിൻ സ്മിത്ത്, *ദ പുൾപിറ്റ് കമെന്ററി,* വാല്യം, 4, *രൂത്ത് ആന്റ് 1 & 2 സാമുവേൽ,* എഡ്സ്. എച്ച്. ഡി. എം. സ്പെൻസ് ആന്റ് ജോസഫ് എസ്. എക്സെൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1950), 147. [3]കെൻ നെല്ലർ, “റെവെലേഷൻ ആന്റ് ക്രിസ്ത്യൻ വർഷിപ്പ്,” *ഹാർഡിങ്ങ് യൂണിവേഴ്സിറ്റി ലെക്ചേഴ്സ്* (1992): 154. [4]ജെ. ഡബ്ലിയു. റോബർട്ട്സ്, *ദ റെവലേഷൻ ടു ജോൺ (ദ അപോകാലിപ്സ്)*, ദ ലിവിങ് വേഡ് കമെന്ററി സീരീസ് എഡി., എവറെറ്റ് ഫർഗൂസൻ (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1974), 33. [5]ജാക്ക് ഹേഫോർഡ്, *വർഷിപ് ഹിസ് മജെസ്റ്റി* (ഡള്ളാസ്: വേഡ് പബ്ലിഷിങ്, 1987), 132. [6]ആൽഫ്രെഡ് പി. ജിബ്സ്, *വർഷിപ്: ദ ക്രിസ്ത്യൻസ് ഹൈയെസ്റ്റ് ഓകുപേഷൻ,* 2 ന്റ് എഡി. (കൻസാസ് സിറ്റി: കാൻസ്.: വാൾട്ടെർറിക്ക് പബ്ലിഷേഴ്സ്, എൻ. ഡി.), 36.